## ശ്ലീഹാക്കാലം ഒന്നാം ഞായർ

**യോഹ 16:5-15**

# ആത്മാവിന്റെ യുഗം ആരംഭിക്കുകയാണ്

**റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ**

ത്രിത്വത്തിന്റെ വെളിപ്പെടുത്തലിന്റെ നിർണായകമായ അവസാന ഘട്ടത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ശിഷ്യർ അത് ഉത്സാഹത്തോടെ സ്വീകരിക്കുന്നതായി കാണുന്നില്ല. ത്രിത്വത്തിലെ രണ്ടാമത്തെയാളായ ക്രിസ്തുവിന്റെ പിതാവിനേക്കുള്ള പിൻവാങ്ങലോടു ചേർത്താണ് ആശ്വാസപ്രദനായ പരിശുദ്ധാത്മാവിന്റെ തനതു പ്രവൃത്തികളെക്കുറിച്ച് ഈശോ സംസാരിച്ചത്. യേശു എങ്ങോട്ടു പോകുന്നുവെന്നോ, ആശ്വാസകൻ തങ്ങൾക്കായി എന്തു ചെയ്യുമെന്നോ അന്വേഷിക്കാൻ സാധിക്കാത്തതുപോലെ ശിഷ്യരുടെ ഹൃദയം ദുഃഖപൂരിതമാണ്. ദുഃഖം എന്ന ഭാവത്തിന്റെ പ്രത്യേകത അതാണ്, മറ്റൊന്നും ഉൾക്കൊള്ളാൻ കഴിയാത്തവിധം അതു മനസ്സിൽ നിറഞ്ഞുനിൽക്കും. അതിനാൽ ഈശോ ശിഷ്യരെ കുറ്റപ്പെടുത്തുന്നില്ല. പകരം, അവരെ സൗമന്യത്തോടെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയാണ്. കാര്യങ്ങൾ ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണ് അവർ ദുഃഖിക്കുന്നതെന്ന് യേശു സൂചിപ്പിക്കുന്നു. ദൗത്യം പൂർത്തിയാക്കി പിതാവിന്റെ പക്കലേക്കു പുത്രൻ മടങ്ങുന്നതിൽ ശിഷ്യർ സന്തോഷിക്കുകയാണ് വേണ്ടത്. കാരണം, യേശുവിന്റെ ദൗത്യം വിജയകരമായി പൂർത്തിയായെന്നു മാത്രമല്ല, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യും. ഇതിനർത്ഥം, ഇതിനുമുമ്പ്, പരിശുദ്ധാത്മാവ് പ്രവർത്തനനിരതനായിരുന്നില്ലെന്നല്ല. സൃഷ്ടി മുതൽ എല്ലാ കാലഘട്ടങ്ങളിലും പ്രത്യേകിച്ച്, യേശു സംഭവത്തിലും, ആത്മാവ് പ്രവർത്തിക്കുന്നുണ്ടായിരുന്നു, പുത്രനിലും പുത്രനോടൊപ്പവും. എന്നാൽ ഈ അവസാന കാലത്ത് ആത്മാവ് പൂർണമായി നല്കപ്പെടുകയാണ്. അതുകൊണ്ട്, യേശുവിന്റെ മരണത്തെയും കടന്നുപോകലിനെയും നന്മയുടെ നാന്ദിയായി കാണാൻ ശിഷ്യരെ ഉദ്ബോധിപ്പിക്കുകയാണ്.

## ആശ്വാസകനെ വാഗ്ദാനം ചെയ്യുന്നു

യേശുവിന്റെ വിടവാങ്ങൽ വചനങ്ങളിൽ നാലിടങ്ങളിൽ ആശ്വാസകനെ വാഗ്ദാനം ചെയ്യുന്നുണ്ട് (യോഹ 14:16-17, 26, 15:26-27, 16:12-15). ഇന്നത്തെ സുവിശേഷം ഇവയിൽ നാലാമത്തേതാണ്. യേശുവിന്റെ ഭൗതിക അഭാവത്തിൽ യേശുവിനെയും സകല മനുഷ്യർക്കും വേണ്ടിയുള്ള അവിടുത്തെ രക്ഷാകരപ്രവൃത്തികളെയും വിശ്വാസികൾക്ക് അനുഭവവേദ്യമാക്കലാണ് ആത്മാവിന്റെ ജോലി. ആ അർത്ഥത്തിൽ ആശ്വാസകന്റെ വരവിനും ദൗത്യനിർവഹണത്തിനും യേശുവിന്റെ കടന്നുപോക്ക് അത്യാവശ്യമാണ്. യേശുവിന്റെ ജോലി പൂർത്തിയാകുന്നിടത്താണ് പരിശുദ്ധാത്മാവിന്റെ ദൗത്യം ആരംഭിക്കുന്നത്.

## ആശ്വാസകന്റെ ദൗത്യം

ബോധ്യം ജനിപ്പിക്കുന്ന ദൈവികശക്തിയാണ് ആത്മാവ്. ശിഷ്യരിൽ തന്നെയും കേട്ടതും കണ്ടറിഞ്ഞതുമായ കാര്യങ്ങൾ ഉറച്ച ബോധ്യങ്ങളായി പകർത്തുന്നതു പരിശുദ്ധാത്മാവാണ്. യേശുവിന്റെ ശ്രോതാക്കളെല്ലാവരും അവനിൽ വിശ്വസിച്ചില്ലല്ലോ. അവനെ വിശ്വസിച്ചവരെല്ലാവരും അവനെ അടുത്ത് അനുഗമിച്ചില്ലല്ലോ. ഒരു നല്ല ക്രിസ്തുശിഷ്യനെ വാർത്തെടുക്കുന്നതിൽ ആത്മാവ് ചെയ്തുതീർക്കേണ്ട പ്രത്യേക ദൗത്യമുണ്ട്. മൂന്നു മേഖലകളിലാണ് പരിശുദ്ധാത്മാവ് ശക്തമായ ബോധ്യം ജനിപ്പിക്കുന്നത്.

ഒന്നാമതായി പാപത്തെ സംബന്ധിച്ച് കൃത്യമായ ധാരണയും ബോധ്യവും നല്കും. യേശു ദൈവപുത്രനാണെന്ന് അംഗീകരിക്കാത്തതാണ് യഥാർത്ഥത്തിൽ പാപം. യേശുവിൽ വെളിപ്പെടുന്ന ദൈവമുഖത്തോടുള്ള തുടർച്ചയായ പുറംതിരിയലാണത്. ഏതെങ്കിലുമൊരു ധാർമ്മിക അപചയമായി പാപത്തെ ചുരുക്കിക്കാണുന്നത് ആത്മാവിന്റെ വെളിച്ചം കിട്ടാത്തതുകൊണ്ടാണ്. അധാർമ്മികപ്രവൃത്തികൾ അടിസ്ഥാനപരമായ പാപത്തിന്റെ ഫലങ്ങളാണ്. യേശുവെനിക്കാര് എന്നതാണ് പാപികൾ സ്വയം ചോദിക്കേണ്ട ചോദ്യം. പാപപ്രവൃത്തികൾ ഉണ്ടാക്കിയ

പരിക്കുകളെയും ആഘാതത്തെയും കുറിച്ചു മാത്രമേ പലപ്പോഴും മനുഷ്യർ ചിന്തിക്കാറുള്ളൂ. മൂന്നുവട്ടം തള്ളിപ്പറഞ്ഞ പത്രോസിനോടു തള്ളിപ്പറച്ചിലിന്റെ വിശദാംശങ്ങളല്ല ഉത്ഥിതൻ ചർച്ച ചെയ്തത്. മറിച്ച്, യേശുവിനെ സ്നേഹിക്കുന്നുവോ എന്നതാണ്. ശരിയായ പാപബോധം ജനിപ്പിക്കുന്നതു പരിശുദ്ധാത്മാവാണ്.

രണ്ടാമതായി, നീതിയെക്കുറിച്ചു പരിശുദ്ധാത്മാവ് പഠിപ്പിക്കും. നീതികരണം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നതു സാധൂകരണമാണ്. ലോകം കരുതുന്നതുപോലെ, യേശുവിന്റെ മരണം ഒരു പരാജയമല്ല. യേശുവാണ് ശരി, ക്രൂശുമരണമാണ് വിജയത്തിലേക്കുള്ള ശരിയായ മാർഗം. ഇതു വെളിപ്പെടുത്തുന്നതും ബോധ്യപ്പെടുത്തുന്നതും പരിശുദ്ധാത്മാവാണ്. മരണത്തിൽ തന്റെ ഇഹലോകദൗത്യം പൂർത്തിയാക്കി പിതാവിന്റെ പക്കലേക്കു പോകുന്നതിനാൽ അവന്റെ മരണത്തിനു സാധൂകരണമുണ്ടെന്ന് ആത്മാവ് വെളിപ്പെടുത്തുന്നു. സഹനത്തിന്റെ സത്യവും സൗന്ദര്യവും മനസ്സിലാക്കിത്തരാൻ പരിശുദ്ധാത്മാവിനേ കഴിയൂ. സഹനത്തെ വേദനയോടും പരാജയത്തോടും ബന്ധപ്പെടുത്തി മനസ്സിലാക്കുന്ന രീതിയാണ് ലോകത്തിന്റേത്. ഈ ലോകാരൂപിയിൽ നിന്ന് വ്യത്യസ്തമായി, സഹനം സ്നേഹത്തിന്റെ അനിവാര്യതയാണെന്ന് ആത്മാവ് യേശുശിഷ്യരെ ബോധ്യപ്പെടുത്തുന്നു.

മൂന്നാമതായി, ന്യായവിധിയെക്കുറിച്ചുള്ള അറിവ് ആത്മാവ് നല്കും. ഇതുവരെ യേശുവുമായി ബന്ധപ്പെടുത്തിയാണ് ന്യായവിധിയെക്കുറിച്ച് പഠിപ്പിച്ചിരുന്നത് (യോഹ 3:19, 8:25, 9:39). ഉദാഹരണത്തിന്, യോഹ 3:19 സൂചിപ്പിക്കുംവിധം, പ്രകാശമായി യേശു വന്നിട്ടും അവനെ സ്വീകരിക്കാത്തവർ അന്ധകാരത്തെയാണ് സ്നേഹിക്കുന്നതെന്ന് വെളിവാകുന്നു. അങ്ങനെ യേശുവിന്റെ സാന്നിധ്യം ലോകത്തിനു ശിക്ഷാവിധിയാകുന്നു. പ്രകാശം വരുമ്പോൾ അന്ധകാരം അപ്രത്യക്ഷമാകാൻ വിധിക്കപ്പെടുകയാണ്. ക്രിസ്തുവിന്റെ കടന്നുപോകലിനുശേഷം ആത്മാവ് ഈ ദൗത്യം തുടരുന്നു. ആത്മാവതു ചെയ്യുന്നത്, ലോകത്തിന്റെ തനിനിറം വെളിവാക്കിക്കൊണ്ടാണ്.

## ആത്മാവും ശിഷ്യരുടെ ഭാവിയും

യേശുവിന്റെ ഭൗതികസാന്നിധ്യം കൂടെയില്ലാത്ത ഭാവിയിലെ അനിശ്ചിതത്വങ്ങൾ ശിഷ്യർ എങ്ങനെയാണ് നേരിടേണ്ടി വരുന്നതെന്ന് ഇപ്പോൾ പറയാനാവില്ല. എന്നാൽ, അനുഭവിക്കാൻ പോകുന്നവയുടെ അർത്ഥവും സാംഗത്യവും വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനാകും. യഥാർത്ഥത്തിൽ കടന്നുപോകേണ്ട വഴികൾ മുൻകൂട്ടി പറയാനാകില്ല. ഇതിനർത്ഥം, ഈശോക്കൊന്നും ചെയ്യാനാകില്ലെന്നല്ല. അഭാവത്തിലും അവിടുത്തെ പരിപാലന തുടരുക തന്നെ ചെയ്യും. ശിഷ്യർ തനിച്ചല്ല ഭാവിയെ നേരിടേണ്ടി വരികയെന്ന് ഈശോ ഉറപ്പു നല്കുന്നു. പാതയും പാദങ്ങളിൽ വിളക്കുമായി യേശുവിന്റെ വചനങ്ങളെ ഭാവിയിലേക്കു കൊണ്ടുവരാൻ പരിശുദ്ധാത്മാവിനു കഴിയും. സത്യാത്മാവ് – അതായത് വിശ്വാസയോഗ്യമായ ആത്മാവ് – കൈപിടിച്ചു വഴി നടത്തുന്ന ഭാവി ശിഷ്യർ കാത്തിരിക്കണം. സങ്കീർത്തനം 25:5, 9 വചനങ്ങളിലെ പ്രാർത്ഥന ഫലമണിയുന്ന ദിനങ്ങൾ വരികതന്നെ ചെയ്യും.

ആത്മാവ് സ്വന്തം നിലയ്ക്കു പുതുമാർഗങ്ങളിലൂടെ നയിക്കുകയല്ല ചെയ്യുന്നത്. യേശുവിന്റെ വചനങ്ങൾ തന്നെയാണ് ശിഷ്യരുടെ ഹൃദയങ്ങളിൽ ആത്മാവ് ജ്വലിപ്പിച്ചു നല്കുന്നത്.